## വി. കെ. ആദർശ്

1979–ൽ കൊല്ലം ജില്ലയിലെ ഉമയനല്ലൂർ വാഴപ്പള്ളിയിൽ ജനിച്ചു. നെയ്യാറ്റിൻകര ജി.പി.ടി. യിൽനിന്ന് ഇലക്ട്രോണിക്സ് ആന്റ് ഏവിയോണിക്സിൽ ഡിപ്ലോമ, കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളജിൽനിന്ന് പ്രൊഡക്ഷൻ എൻജിനീയറിങ്ങിൽ ബി.ടെക് ബിരുദം. തുടർന്ന് കേരള സർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വകുപ്പിൽനിന്നും എ.ടെക് ടെക്നോളജി മാനേജ്മെന്റ്. ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ അസോസിയേറ്റ്, എനർജി കൺസർവേഷൻ സൊസൈറ്റി, കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ എന്നീ സംഘടനകളിൽ അംഗം. ആനുകാലികങ്ങളിലും മറ്റും ശാസ്ത്രസംബന്ധമായ ലേഖനങ്ങൾ എഴുതുന്നു. കൊല്ലം യൂനുസ് കോളജ് ഓഫ് എൻജിനീയറിങ് ആന്റ് ടെക്നോളജിയിൽ മെക്കാനിക്കൽ വിഭാഗം ലക്ചറർ.

ഇ–മെയിൽ: adarshpillai@ gmail.com ബ്ലോഗ് www.blogbhoomi.blogspot.com.

DC BOOKS

# ഉള്ളടക്കം

വേഡ് പഠിച്ചുതുടങ്ങാം
കീബോർഡ് വിശദമായി
വേഡിനെ ഉണർത്താൻ
വേഡ് വിൻഡോ
ഡോക്യുമെന്റിലേക്ക് പ്രവേശിക്കാം
ഫോണ്ട് മാറ്റാൻ
പാരഗ്രാഫ് മികവുറ്റതാക്കാം
ഓട്ടോ കറക്ട്-തെറ്റു തിരുത്താൻ
ഹൈഫൺ നൽകാൻ
വലിയ/ചെറിയ ടൈപ്പ് അക്ഷരം
എന്താണ് ഇൻഡന്റ്?
ടേബിൾ മെനു
ഇൻസർട്ട് മെനു
പേജിന് നമ്പരിടാം
പദസൂചി നിർമ്മിക്കുന്ന വിധം
ചിഹ്നങ്ങൾ ഉൾപ്പെടുത്തുന്നത്
ചിത്രങ്ങൾ വേഡിലേക്ക്
ഹൈപ്പർലിങ്ക്
മാക്രോ
ഉള്ളടക്കരൂപീകരണം
മെയിൽ മെർജ്

DC BOOKS

സൂത്രവാക്യങ്ങൾ ഉൾപ്പെടുത്താം

ഹെഡറും ഫൂട്ടറും

സ്മാർട്ട് ടാഗുകൾ

വേഡ് ഫോമുകൾ

വെബ്സൈറ്റ് രൂപകല്പന

സഹായത്തിന് ‘ഹെൽപ്പ്’

ഇ-മെയിൽ അയയ്ക്കാൻ

പ്രിന്റ് ചെയ്യാം

*അനുബന്ധം 1*

മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതിന്

DC BOOKS

## കീബോർഡ് വിശദമായി

മൈക്രോസോഫ്റ്റ് ഓഫീസ്പോലെയുള്ള ഒരു പാക്കേജിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് കീബോർഡിനെ സാമാന്യം വിശദമായി പരിചയപ്പെടേണ്ടത് അത്യാവശ്യമാണ്. കംപ്യൂട്ടറിന്റെയും ടൈപ്പ് റൈറ്ററിന്റെയും കീബോർഡുകൾ തമ്മിൽ അക്ഷരവിന്യാസത്തിൽ വലിയ വ്യത്യാസമൊന്നും ഇല്ല. QWERTY കീബോർഡ് എന്നാണ് ഇവ അറിയപ്പെടുന്നത്. ടൈപ്പ് റൈറ്ററിനെ അപേക്ഷിച്ച് കംപ്യൂട്ടർ കീബോർഡിന് കുറെക്കൂടി സോഫ്റ്റ് ടച്ച് മതിയാകും. കീബോർഡിന്റെ ജോലി എന്താണ്! കംപ്യൂട്ടറിലേക്ക് വിവരങ്ങളും നിർദ്ദേശങ്ങളും നൽകാൻ ഉപയോഗിക്കുന്നു. ടൈപ്പ് റൈറ്റിങ് വശമുള്ളവർക്ക് കംപ്യൂട്ടർ കീബോർഡിൽ പ്രത്യേകമായുള്ള കീകളുമായിക്കൂടി ചങ്ങാത്തം സ്ഥാപിച്ചാൽ വളരെ വേഗം ടൈപ്പ് ചെയ്യാൻ സാധിക്കും.




കീബോർഡ്

DC BOOKS

**1. അക്ഷരങ്ങൾ, അക്കങ്ങൾ:** ഇംഗ്ലീഷ് അക്ഷരങ്ങൾ A മുതൽ Z വരെ QWERTY ക്രമത്തിൽ വിന്യസിച്ചിരിക്കുന്നു, അക്കങ്ങൾ 0 മുതൽ 9 വരെ രണ്ടു ഭാഗങ്ങളിൽ വെവ്വേറെ കാണാം. ഒപ്പം +, -, /, *, ( ), $, #... തുടങ്ങിയ മാത്തമാറ്റിക്കൽ ഓപ്പറേറ്ററുകളും ചിഹ്നങ്ങളും.

**2. ഫങ്ഷൻ കീകൾ:** F1 മുതൽ F12 വരെയുള്ള പന്ത്രണ്ട് ഫങ്ഷൻ കീകൾ കീബോർഡിന്റെ മുകൾഭാഗത്ത് ക്രമത്തിൽ അടുക്കിയിരിക്കുന്നു. ഓരോ കീയ്ക്കും ഓരോ ധർമ്മമാണുള്ളത്. ഉപയോഗിക്കുന്ന

സോഫ്ട്‌വെയർ പാക്കേജ് അനുസരിച്ച് ഫങ്ഷൻകീയുടെ ധർമ്മം നിർണയിക്കപ്പെടുന്നു. ഒരു പ്രത്യേക ജോലി കംപ്യൂട്ടറിനെക്കൊണ്ട് ചെയ്യിക്കാനായി പ്രോഗ്രാമർക്ക് ഇത്തരം കീകൾ പ്രയോജനപ്പെടുത്താം. ഉദാഹരണത്തിന് മൈക്രോസോഫ്ട് വേഡിൽ F7 എന്ന ഫങ്ഷൻ കീ, ടൈപ്പ് ചെയ്ത മാറ്ററിലെ അക്ഷരത്തെറ്റും വ്യാകരണപ്പിശകും പരിശോധിക്കാനുള്ളതാണ്. മറ്റൊരു വേഡ് പ്രോസസ്സിങ് പാക്കേജായ പേജ്മേക്കറിൽ F7 ന്റെ ധർമ്മം ഇതാകണമെന്നില്ല.

**3. സ്പെഷ്യൽ ഫങ്ഷൻകീകൾ:** ചിലതരം പ്രത്യേക സഹായ ത്തിനായി ഇത്തരം കീകൾ ഉപയോഗപ്പെടുത്തുന്നു.

**Enter:** ടൈപ്പ്റൈറ്ററിലെ Return കീയ്ക്ക് സമാനമായ ഉപയോഗം. വേർഡ് പ്രോസസ്സിങ് ജോലികളിൽ ഒരു പാരഗ്രാഫിൽനിന്നും അടുത്ത പാരഗ്രാഫിലേക്ക് പോകാൻ Enter കീ അമർത്തിയാൽ മതിയാകും. മറ്റു ചില സോഫ്ട് വെയറുകളിൽ ചില കമാൻഡുകൾ പ്രവർത്തിപ്പി ക്കാനും Enter കീ ഉപയോഗിക്കുന്നു.

**Spacebar:** ഒരക്ഷരത്തിനോ അക്കത്തിനോ ചിഹ്നത്തിനോ ശേഷം ഒരു വിടവ് നൽകാൻ Spacebar കീ ഉപയോഗിക്കുന്നു. കീബോർഡിലെ ഏറ്റവും താഴത്തെ വരിയിലായി അല്പം നീളത്തിലാണ് ഈ കീയുടെ സ്ഥാനം.

**Backspace:** കർസറിനെ ഒരു സ്ഥാനം ഇടത്തേക്ക് മാറ്റാൻ ഉപ യോഗിക്കുന്നു. ഇത് ഉപയോഗിച്ച് ഇടതുഭാഗത്ത് രേഖപ്പെടുത്തിയ കാരക്ടർ മായിക്കുകയും ആകാം. സ്പെയിസ് ബാർ കർസറിനെ വലതു ഭാഗത്തേക്ക് മാറ്റുമ്പോൾ Backspace കർസറിനെ ഇടത്തേക്ക് ചലിപ്പി ക്കുന്നു.

**Tab:** സ്പെയ്സ് ബാർ ഉപയോഗിച്ച് കർസറിനെ ഓരോ സ്ഥാനം വലത്തേക്ക് ചലിപ്പിക്കുന്നുണ്ടെങ്കിൽ, ടാബ് കീ ഉപയോഗിച്ച് മുൻകൂർ നിശ്ചയിച്ചിട്ടുള്ള സ്ഥലത്തേക്ക് കർസറിനെ നീക്കാൻ സാധിക്കുന്നു. Shift+Tab കീ അമർത്തിയാൽ കർസറിനെ പിന്നോട്ട് നീക്കുകയും ചെയ്യാം.

**Control:** മറ്റ് കീകൾക്കൊപ്പം ചേർത്തുപയോഗിച്ച് ചില പ്രത്യേക ധർമ്മങ്ങൾ സാധ്യമാക്കുന്നതിന് കൺട്രോൾ കീ ഉപയോഗിക്കുന്നു.

DC BOOKS

കീബോർഡിന്റെ ഇടതും വലതും ഭാഗത്തായി രണ്ടു സ്ഥാനങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള ഷിഫ്ടിന്റെ ഇരട്ട സാന്നിദ്ധ്യംതന്നെ അതിന്റെ വർദ്ധിച്ച ഉപയോഗം വ്യക്തമാക്കുന്നു.

**Delete:** കർസറിന്റെ തൊട്ടു വലതുഭാഗത്ത് കാണുന്ന കാരക്ടറുകളെയും സെലക്ട് ചെയ്ത ഭാഗങ്ങളെയും ഡിലീറ്റ് ചെയ്യുന്നതിന് ഈ കീ ഉപയോഗിക്കുന്നു. കോമ്പിനേഷൻ കീ ആയും Delete ഉപയോഗിക്കാറുണ്ട്.

**Escape:** മിക്കവാറും ആപ്ലിക്കേഷനുകളിൽ ഒരു 'സ്റ്റോപ്പ് ' ധർമ്മമാണ് ഈ കീയ്ക്കുള്ളത്. ഒരു പ്രവർത്തനം പൂർണമായും റദ്ദാക്കുന്നതിനോ ഇടയ്ക്കുവച്ച് നിറുത്തുന്നതിനോ ഇതുപയോഗിക്കാം.

**Insert:** ഒരു വാക്കിനോ വാചകത്തിനോ ഇടയിൽ പുതിയ അക്ഷരമോ അക്ഷരക്കൂട്ടമോ ടൈപ്പ് ചെയ്യുന്നതിന് Insert കീ ഉപയോഗിക്കാം. ഇത്തരത്തിൽ Insert ചെയ്യുമ്പോൾ അതിനുശേഷമുള്ള അക്ഷരത്തിന് മുകളിൽ എഴുതി (Over Write) നിലവിലുള്ള അക്ഷരങ്ങളെ അപ്രത്യക്ഷമാക്കും. Insert കീ വീണ്ടും അമർത്തി ഓവർ റൈറ്റ് ഒഴിവാക്കാം. ഇങ്ങനെ ചെയ്താൽ തൊട്ടുമുമ്പുള്ള അക്ഷരത്തെ ഒരു പൊസിഷൻ മുമ്പോട്ട് മാറ്റുകയേയുള്ളു. ഫലത്തിൽ എല്ലാ അക്ഷരങ്ങളും കാണുകയും ചെയ്യാം. Insert കീക്ക് രണ്ടു മോഡാണുള്ളത്. ഒന്ന് Overwrite mode മറ്റേത് Insert mode.

**Capslock:** കാപ്സ്ലോക്ക് ഉപയോഗിച്ച് അക്ഷരങ്ങളെ വലിയ അക്ഷരം, ചെറിയ അക്ഷരം എന്നിങ്ങനെ മാറി മാറി ടൈപ്പ് ചെയ്യാം. ഷിഫ്ട് കീ അമർത്തി ഏതെങ്കിലും അക്ഷരം ടൈപ്പ് ചെയ്താൽ കാപ്സ്ലോക്കിന്റെ വിപരീതവിധത്തിൽ ടൈപ്പ് ആകും. കാപ്സ്ലോക്ക് സജീവമായിരുന്നാൽ കീബോർഡിൽ ഒരു ചെറിയ പച്ച ഡിസ്പ്ലേ കാണാം.

**Windows key:** വിൻഡോസിന്റെ ഫ്ളാഗ് അടയാളപ്പെടുത്തിയ കീ അമർത്തിയാൽ ടാസ്ക്ബാറിലെ സ്റ്റാർട്ട് ബട്ടൺ മൗസ് ഉപയോഗിച്ച് സെലക്ട് ചെയ്യുന്ന ഫലം ഉണ്ടാകും. ഇനി വിൻഡോസ് കീ ഇല്ലാത്ത കീബോർഡാണെങ്കിൽ Ctrl + Esc എന്ന കീ കോമ്പിനേഷൻ വിൻഡോസ് കീയുടെ അതേ ധർമ്മം നിർവഹിക്കുന്നു.

DC BOOKS

സവിശേഷതയാണ്. Ctrl + Alt + Del ഏറ്റവും പ്രസിദ്ധിയാർജിച്ച കീ കോമ്പിനേഷൻ ആണ്. എന്താണ് ഈ Ctrl + Alt + Del ?

കംപ്യൂട്ടർ പ്രവർത്തനത്തിൽ തടസ്സം നേരിടുമ്പോൾ ടാസ്ക് മാനേജർ സംവിധാനം വിളിക്കാനോ, കംപ്യൂട്ടർ റീബൂട്ട് ചെയ്യാനോ ഉപയോഗിക്കാവുന്ന കീ കൂട്ടമാണിത്. കംപ്യൂട്ടർ ഉപയോഗിച്ചിട്ടുള്ളവർക്ക് Ctrl + Alt + Del ന്റെ മേന്മയും പരിമിതിയും പരിചിതമായിരിക്കുമല്ലോ? കംപ്യൂട്ടർ പെട്ടെന്ന് റീബൂട്ടായാൽ പൂർണതോതിൽ പ്രവർത്തനസജ്ജമായി വരാൻ ഏറെ സമയം എടുത്തേക്കാം. ഇന്നത്തെ കാലത്ത് ബൂട്ട് ചെയ്യാനെടുക്കുന്ന 5 മിനിട്ട് സമയം പോലും നമുക്ക് അസ്വസ്ഥത ഉണ്ടാക്കുമ്പോൾ വളരെ വർഷങ്ങൾക്കുമുമ്പ് സ്പീഡും മെമ്മറിയും ഇതിന്റെ ചെറിയോരംശംപോലും ഇല്ലാതിരുന്ന കാലത്തെ റീബൂട്ട് സമയ താമസം ആലോചിച്ചുനോക്കൂ. ആദ്യം ഇത് Ctrl + Alt + Esc എന്നായിരുന്നു സംവിധാനം ചെയ്തിരുന്നത്. എന്നാൽ ഈ കീയെല്ലാം കീബോർഡിന്റെ ഇടതുഭാഗത്തേക്ക് ക്രമീകരിച്ചിട്ടുള്ളതിനാൽ അറിയാതെയെങ്കിലും കൈ ഒന്നമർന്നു പോയാൽ സംഗതി ഗുരുതരമാകും. ഇതൊഴിവാക്കാനാണ് മൂന്ന് സ്ഥലത്തായി വിന്യസിച്ചിട്ടുള്ള Ctrl + Alt + Esc തിരഞ്ഞെടുത്തത്. ഡേവിഡ് ബ്രാഡ്‌ലി എന്ന കംപ്യൂട്ടർ വിദഗ്ദ്ധനാണ് Ctrl + Alt + Esc വികസിപ്പിച്ചെടുത്തത്.

DC BOOKS

## വേഡിനെ ഉണർത്താൻ

ഇപ്പോൾ വേഡ് പ്രോസസ്സിങ് സോഫ്ട്‌വെയറുകളെക്കുറിച്ചും അതിന്റെ ഉപയോഗസാധ്യതകളെ പറ്റിയും ഒരു ഏകദേശ ചിത്രം കിട്ടിക്കാണുമല്ലോ. ഇനി നമുക്ക് വേഡ് പഠിച്ചുതുടങ്ങാം. മുന്നിലിരിക്കുന്ന കംപ്യൂട്ടറിൽ വേഡ് എങ്ങനെ സജീവമാക്കാം എന്ന് പഠിച്ചുകൊണ്ട് ആരംഭിക്കാം.

ഒരു കംപ്യൂട്ടറിൽ ഒട്ടേറെ ആപ്ലിക്കേഷൻ പ്രോഗ്രാമുകൾ ഉണ്ടാകും. എല്ലാം ഒരേസമയം പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നില്ല. ഉദാഹരണത്തിന് കംപ്യൂട്ടറിൽ സിനിമ കാണുമ്പോൾ മാത്രം അതിനുവേണ്ടി സജ്ജീകരിച്ചിട്ടുള്ള പ്രോഗ്രാം മാത്രം സജീവമാക്കിയാൽ മതിയല്ലോ.

ബോക്സിന് ടാസ്ക് ബാർ എന്നാണ് വിളിക്കുക. ടാസ്ക് ബാറിന്റെ ഒരു വശത്തായി സ്റ്റാർട്ട് ബട്ടൺ ഉണ്ടാകും. സ്റ്റാർട്ടിൽ മൗസ് ഉപയോഗിച്ച് ക്ലിക്ക് ചെയ്താൽ തൊട്ടു മുകളിൽ ഉടൻതന്നെ ഒരു മെനു ദൃശ്യമാകും. ഇതിൽനിന്നും പ്രോഗ്രാംസ് വഴി, പുതിയ മെനുവിലേക്ക് പ്രവേശിക്കുക. ഇവിടെ ഒരുകൂട്ടം പ്രോഗ്രാമുകൾ ഐക്കൺ സഹിതം കാണാനാകും. ഇതിൽനിന്നും വേർഡിനെ ക്ലിക്ക് ചെയ്ത് പ്രവർത്തനം ആരംഭിക്കാം.

## വേഡ് വിൻഡോ

മേൽ വിവരിച്ച രണ്ടു മാർഗ്ഗത്തിൽ ഏതു തിരഞ്ഞെടുത്താലും ഒരു വിൻഡോതന്നെയാണ് പ്രത്യക്ഷപ്പെടുന്നത്. ഇവിടെയാണ് വേഡുമായി ബന്ധപ്പെട്ട എല്ലാത്തരം പ്രവൃത്തികളും ചെയ്യുന്നത്. അക്ഷരങ്ങളുടെ ദൃശ്യഭംഗി കൂട്ടാൻ, വലിപ്പം കൂട്ടാൻ, ചിത്രങ്ങൾ ഉൾപ്പെടുത്താൻ, പാരഗ്രാഫുകൾ വേർതിരിക്കാൻ പശ്ചാത്തലം മാറ്റാൻ ഒക്കെയുള്ള ചെറുചിത്രങ്ങളും വാക്കുകളുമാണ് നിങ്ങളിപ്പോൾ ഈ വിൻഡോയിൽ കാണുന്നത്. അവയെല്ലാം വിശദമായി പഠിക്കുന്നതിനുമുമ്പ് വേഡ് വിൻഡോയുടെ ഘടനയും ഓരോ പ്രത്യേക മേഖലകളുടെ ഉപയോഗവും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ഘടനയിലേക്ക് കടക്കുംമുമ്പ് രണ്ടു ചെറിയ കാര്യങ്ങൾകൂടി സൂചിപ്പിക്കേണ്ടതുണ്ട്. വേഡിനെ ഉണർത്തുവാനായി രണ്ടു മാർഗ്ഗങ്ങൾ പറഞ്ഞുവല്ലോ. എന്നാൽ ചില കംപ്യൂട്ടറുകളിൽ ഒന്നാമതായി പറഞ്ഞ രീതിയിൽ ഡെസ്ക്ടോപ്പിൽ വേഡ് ഐക്കൺ കാണണമെന്നില്ല. പേടിക്കേണ്ട. ഇതിനായി ഒരു മാർഗ്ഗമുണ്ട്. രണ്ടാമത് വിശദീകരിച്ച രീതിയിൽ സ്റ്റാർട്ട് ബട്ടൺ > പ്രോഗ്രാംസ്വഴി മൈക്രോസോഫ്ട് വേഡ് വരെ എത്തിയിട്ട് മൗസിന്റെ വലതു ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ പുതിയൊരു മെനു പ്രത്യക്ഷമാകും. ഇതിൽനിന്നും Send To വഴി ഡെസ്ക്ടോപ്പ് (Create Shortcut) ക്ലിക്ക് ചെയ്യുക. ഇപ്പോൾ നിങ്ങളുടെ ഡെസ്ക്ടോപ്പിൽ വേഡ് ഐക്കൺ ഇരിപ്പുറപ്പിച്ചിട്ടുണ്ടാകും. ഇത് പ്രത്യേകമായി സൂചിപ്പിക്കാൻ കാരണം നിങ്ങൾ വേഡ് പഠിച്ച് തുടങ്ങുകയാണ്. ഇത്തരത്തിൽ ഡെസ്ക്ടോപ്പിൽ ഐക്കൺ ലഭ്യമാണെങ്കിൽ

DC BOOKS